പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:3166** | **20.6.2014- ൽ മറുപടിക്ക്**

## കൃഷിഭവനുകൾ വഴി കാർഷിക ഉല്പന്നങ്ങളുടെ ശേഖരണവും വിപണനവും

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.സി.ദിവാകരൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | കൃഷിഭവൻ വഴി ഏതെല്ലാം കാർഷിക ഉല്പന്നങ്ങളാണ് ശേഖരിച്ച് വിപണനം ചെയ്യുന്നത്; | (എ) | കൃഷിഭവൻ വഴി ഇപ്പോൾ പച്ചനാളികേരമാണ് ശേഖരിച്ച് കേരഫെഡ് മുഖേന കൊപ്രയാക്കുന്നത്. |
| (ബി) | കാർഷിക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് കൃഷിഭവനുകളിൽ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; | (ബി) | കൃഷിഭവനുകളിൽ പച്ച നാളികേരം സംഭരിക്കുന്നതുമായി ബന്ധപ്പെട്ട ചുമതലകൾ നിർവ്വഹിക്കുന്നതിനായി തൊഴിലാളികളെ ദിവസക്കൂലി അടിസ്ഥാനത്തിലും ബന്ധപ്പെട്ട കണക്കുകൾ സൂക്ഷിക്കുന്നതിനായി അക്കൗണ്ടന്റിനെ കരാർ അടിസ്ഥാനത്തിലും നിയമിച്ചിട്ടുണ്ട്. |
| (സി) | കൃഷി ഭവൻ വഴി 2013-14 സാമ്പത്തിക വർഷത്തിൽ എത്ര രൂപയുടെ വിപണനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ? | (സി) | 2013 ജനുവരി മാസം മുതൽ കൃഷി ഭവനിലൂടെ പച്ചനാളികേരം സംഭരിച്ച് കേരഫെഡിലൂടെ കൊപ്രയാക്കുന്ന പദ്ധതി പ്രകാരം 43446 ടൺ പച്ച നാളികേരം ഇതിനകം സംഭരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ